# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3198 | 13.03.2017-ൽ മറുപടിയ്ക്ക് |
|---|---|

**ശുചിത്വ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.സി. ദിവാകരൻ** | | **ഡോ.കെ.ടി.ജലീൽ തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശുചിത്വ മിഷന്റെ പുരോഗതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ; | (എ) | ശുചിത്വമിഷന്റെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സാങ്കേതിക വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനും കോൺട്രാക്റ്റ് വ്യവസ്ഥയിൽ പുതിയ തസ്തികകൾ ശുചിത്വമിഷന് അനുവദിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ശുചിത്വമിഷൻ മുഖേനയുള്ള മാലിന്യ സംസ്കരണം പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തി. |
| (ബി) | അൻപത്തിയേഴാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ശുചിത്വ മിഷന്റെ നേതൃത്വത്തിൽ ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കിയിരുന്നോ എന്ന് വ്യക്തമാക്കാമോ; | (ബി) | നടപ്പിലാക്കിയിരുന്നു. |
| (സി) | ഗ്രീൻ പ്രോട്ടോക്കോളിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; ഇതിന് പരിശീലനം നൽകാൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | സുരക്ഷിത അജൈവ മാലിന്യ പരിപാലനം സാധ്യമാകുന്നത് വസ്തുക്കളുടെ ഉപഭോഗം കുറയ്ക്കുക, പുനരുപയോഗിക്കുക,പുനഃചംക്രമണം നടത്തുക (Reduce, Re-use, Recycle) എന്ന തത്വം പാലിക്കുമ്പോഴാണ്. ഈ തത്വത്തെ അടിസ്ഥാനപ്പെടുത്തിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും അതിലൂടെ സ്ഥാപനങ്ങൾ, മേളകൾ, പൊതുസ്വകാര്യ ചടങ്ങുകൾ എന്നിവയുടെ ഭാഗമായി മാലിന്യങ്ങൾ അനിയന്ത്രിതമായി കുമിഞ്ഞു കൂടുന്നത് ഒഴിവാക്കുന്നതും മാലിന്യ സംസ്കരണത്തിനായി പണവും വിഭവങ്ങളും ചിലവാക്കുന്നതൊഴിവാക്കുകയെന്നതും അതുപോലെ പൗരൻമാരിൽ ശാസ്ത്രീയ മാലിന്യപരിപാലന മനോഭാവവും ശീലങ്ങളും രൂപപ്പെടുത്തുകയും ചെയ്യുകയെന്നതുമാണ് ഗ്രീൻ പ്രോട്ടോക്കോളിലൂടെ ലക്ഷ്യം വയ്ക്കുന്നത്. കൂടാതെ അജൈവമാലിന്യങ്ങളിൽ പുനഃചംക്രമണ സാധ്യമല്ലാത്തവ കർശനമായി നിരോധിച്ച് വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങളുടെ അളവ് കുറയ്ക്കുവാനും ഗ്രീൻ പ്രോട്ടോക്കോളിലൂടെ ലക്ഷ്യം വയ്ക്കുന്നു. ഡിസ്പോസിബിൾ വസ്തുക്കളുടെ ഉപയോഗം പരമാവധി നിരുത്സാഹപ്പെടുത്തി. പുനരുപയോഗയോഗ്യമായ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുകയാണ് ശുചിത്വമിഷൻ ഗ്രീൻ പ്രോട്ടോക്കോളിലൂടെ ചെയ്യുന്നത്. സംസ്ഥാന |

| | | | |
|---|---|---|---|
| | | | ശുചിത്വമിഷൻ പരിശീലനം നൽകിയ ഫാക്കൽറ്റി/റിസോഴ്സ് പേഴ്സൺമാർ സംസ്ഥാന ജില്ലാതലങ്ങളിൽ പരിശീലനം നൽകുന്നുണ്ട്. കൂടാതെ എസ്.ഇ.യു.എഫ്, കില തുടങ്ങിയ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിലൂടെ മാലിന്യപരിപാലന വുമായി ബന്ധപ്പെട്ട പരിശീലനത്തിന്റെ ഭാഗമായി ഉദ്യോഗ സ്ഥർക്കും, ജനപ്രതിനിധികൾക്കും ഈ വിഷയത്തിൽ പരിശീലനം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ